**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4254** **28-10-2021 - ൽ മറുപടിയ്ക്ക്**

**ക്വാറികളുടെ ദൂരപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ ജനവാസകേന്ദ്രങ്ങളിൽ നിന്ന് ക്വാറികളിലേക്കുള്ള ദൂരപരിധി എത്രയാണ്; ഇത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരം ജനവാസ കേന്ദ്രങ്ങളിൽ നിന്ന് ക്വാറികളിലേയ്ക്കുള്ള ദൂരപരിധി 50 മീറ്റർ ആയി നിജപ്പെടുത്തിയിരിക്കുന്നു. ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ 304/2019 നമ്പർ കേസിലെ 21/07/2021 തീയതിയിലെ വിധി പ്രകാരം സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള ബിൽഡിംഗ് സ്റ്റോൺ ഖനനത്തിന് ജനവാസ കേന്ദ്രങ്ങളിൽ നിന്ന് 200 മീ. ആയും, സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതെയുള്ള ഖനനത്തിന് 100 മീ. ആയും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബഹു.ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ നൽകിയ റിട്ട് ഹർജികളിന്മേൽ ബഹു.കേരള ഹൈക്കോടതി status quo നിലനിർത്തുന്നതിനു വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായങ്ങൾക്കെതിരെയുള്ള പ്രത്യേകാനുമതി ഹർജികൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ദൂരപരിധി വർദ്ധിപ്പിച്ച് ദേശീയ ഹരിതട്രൈബ്യൂണൽ ഉത്തരവിറക്കുകയുണ്ടായോ; എങ്കിൽ ഈ ഉത്തരവ് പ്രകാരമുള്ള പുതിയ വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരം ജനവാസ കേന്ദ്രങ്ങളിൽ നിന്ന് ക്വാറികളിലേയ്ക്കുള്ള ദൂരപരിധി 50 മീറ്റർ ആയി നിജപ്പെടുത്തിയിരിക്കുന്നു. ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ 304/2019 നമ്പർ കേസിലെ 21/07/2021 തീയതിയിലെ വിധി പ്രകാരം സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള ബിൽഡിംഗ് സ്റ്റോൺ ഖനനത്തിന് ജനവാസ കേന്ദ്രങ്ങളിൽ നിന്ന് 200 മീ. ആയും, സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതെയുള്ള ഖനനത്തിന് 100 മീ. ആയും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബഹു.ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ നൽകിയ റിട്ട് ഹർജികളിന്മേൽ ബഹു.കേരള ഹൈക്കോടതി status quo നിലനിർത്തുന്നതിനു വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായങ്ങൾക്കെതിരെയുള്ള |

| | | | |
|---|---|---|---|
| | | | പ്രത്യേകാനുമതി ഹർജികൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായോ; എന്തൊക്കെയാണ് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്; | (സി) | ഉണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജികളിന്മേലുള്ള വിധിന്യായത്തി നെതിരെ സുപ്രീംകോടതിയിൽ SLP No.13934/2021 ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിൽ ഒരു സ്റ്റാറ്റ്യൂട്ടറി ട്രിബ്യൂണൽ ആയ ദേശീയ ഹരിത ട്രിബ്യൂണലിന് നിയമപ്രകാരം suo moto കേസെടുക്കാൻ അധികാരമുണ്ടോയെന്നതിന്മേൽ പരിശോധന ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേസിന്റെ നടത്തിപ്പിനായി ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഡി) | ടി കേസിനുവേണ്ടി നാളിതുവരെ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ